3

# ആത്മീയത, 3

കഴിഞ്ഞ പാഠത്തിൽനിന്നും ആത്മിയതയെകുറിച്ചുള്ള നമ്മുടെ പഠനം തുടർന്നുകൊ്, വാസ്തവത്തിലുള്ള ആത്മിയതയുടെ കൂടുതൽ സ്വാഭാവങ്ങൾ നമുക്ക് പരിശോധിക്കാം.

5. അതു ആത്മാർത്ഥമായ പ്രാർത്ഥനയാണ് (യാക്കൊബ് 5:13–16). ആത്മിയവളർച്ചയുടെ മൂലക്കല്ലാണ് പ്രാർത്ഥന. ഇടവിടാതെ പ്രാർത്ഥിപ്പിൻ (1 തെസലൊനിക്യർ 5:17). നമ്മുടെ ഏറ്റവും വലിയ ബലഹീനതയും, ഏറ്റവും വലിയ പാപവും പ്രാർത്ഥനയില്ലായ്മയാണ്. നമ്മുടെ ആഗ്രഹങ്ങൾ ലഭിക്കേതിനല്ല, ദൈവത്തെ ലഭിക്കേതിനാണ് നാം പ്രാർത്ഥിക്കേത്. കൃത്യനിർവ്വഹണത്തിന്റെ വിവരം കൊടുക്കുന്നതാണ് പ്രാർത്ഥന. ആദ്യം എനിക്ക് ദൈവത്തെ ആവശ്യമായിരുന്നു ... പിന്നെ ഞാൻ ദൈവത്തെ ആഗ്രഹിച്ചു ... ഇപ്പോൾ എനിക്ക് ദൈവത്തെ വേണം. പ്രാർത്ഥിക്കുക എന്നാൽ ദൈവത്തെ കുറിച്ചു ആഴത്തിൽ ജ്ഞാനം നേടുക എന്നാണ്. ദൈവത്തിന്റെ തളർന്നുപോകാത്ത ശക്തിയിലേക്കു പ്രവേശിക്കുവാനുള്ള കഴിവാണ് പ്രാർത്ഥന. മദ്ധ്യസ്ഥ പ്രാർത്ഥന നമുക്ക് ഒരു പുതിയ ലോകം തുറന്നു തരുന്നു.

6. അത് ദൈവമാണ്. ദൈവത്തിലുള്ള ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നതാണ് ആത്മിയത (കൊലൊസ്യർ 3:1–4). “ദൈവം” ഉള്ള മതമാണ് ക്രിസ്ത്യാനിത്വം, സർവ്വശക്തന്റെ അതിശയകരമായ പരമാധികാരത്തിൽ കേന്ദ്രീകരിച്ചതാണ് അത്. ‘‘ദൈവഭക്തിക്കു തക്കവണ്ണം അഭ്യാസം ചെയ്യുക’’ (1 തിമൊഥെയൊസ് 4:7; ഹോഡ്ജിന്റെ തർജിമ). ദൈവഹിതത്തിൻകീഴിലാണ് നമ്മുടെ ജീവിതങ്ങളെല്ലാം. ദൈവത്തിൽ വിശ്വസിക്കുക എന്നാൽ ഒരു പ്രത്യേകരീതിയിൽ ജീവിക്കുക എന്ന താണ്: “ഞാൻ വിശുദ്ധനാകയാൽ, നിങ്ങളും വിശുദ്ധരാകുവിൻ” (1 പത്രൊസ് 1:15, 16). നമ്മുടെ ജീവിതത്തിനുവേിയുള്ള ദൈവഹിതം ദിവസേന മനസിലാക്കുന്നതാണ് ആത്മിയത. ദൈവം തന്റെ സാദൃശത്തിൽ മനുഷ്യനെ സൃഷ്ടിച്ചു (ഉൽപത്തി 1). മനുഷ്യരൂപത്തിൽ ദൈവത്തെ ഉാക്കുന്നതിനേക്കാൾ ക്രൂരമായ മറ്റൊരു മതനിന്ദയില്ല. ആത്മിയത നിത്യമായ, ദൈവവുമായി ദിവസേനയുള്ള കൃത്യാ-ന്തരമാണ്. ദൈവത്തെ വെറുതെ അനുസരിക്കുന്നതാണ് ആത്മിയത.

നിങ്ങളുടെ പരിപാടികളെ തയ്യാറാക്കേതിന് മുൻഗണന കൊടുക്കാതെ; നിങ്ങളുടെ മുൻഗണനകളനുസരിച്ച് പരിപാടികൾ തയ്യാറാക്കുക. നിങ്ങളുടെ പദ്ധതി തയ്യാറാക്കൽ ദൈവത്തിന്റെ നിയന്ത്രണമനുസരിച്ചായിരിക്കണം. ദൈവത്തെ പുറത്താക്കുവാൻ മതിയായ പ്രാധാന്യമുള്ള എന്താണ് നിങ്ങളുടെ മുൻഗണനാ ലിസ്റ്റിലുള്ളത്? ദൈവത്തോടുകൂടെ ദിവസം ആരംഭിക്കുക, ദിവസത്തിലുടനീളം ദൈവത്തോടുകൂടെ ആയിരിക്കുക, ദൈവത്തോടുകൂടെ ദിവസം അവസാനിപ്പിക്കുക.

7. അത് ക്രിസ്തുവാണ്. “ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉായിരിക്കട്ടെ ...” (ഫിലിപ്പിയർ 2:5–8). “എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത്, കർത്താവിന്റെ തേജസിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി, നാം എല്ലാവരും, ആത്മാവാകുന്ന കർത്താവിന്റെ ദാനമായി, തേജ

സിന്മേൽ തേജസ് പ്രാപിച്ച്, അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരിന്ത്യർ 3:18). ക്രിസ്തുവിൽ നാം പുതിയ സൃഷ്ടികളത്രേ (2 കൊരിന്ത്യർ 5:17). ക്രിസ്തുവിൽ നാം, ക്രിസ്തു എന്ന തലയോളം വളരുന്നു (എഫെസ്യർ 4:15). നമ്മിൽ ക്രിസ്തു രൂപപ്പെടുന്നതാണ് ആത്മിയത. പരിശുദ്ധാത്മാവിനെ പോലെ ആകുവാനല്ല, ക്രിസ്തുവിനെ പോലെ ആകുവാനാണ് പരിശുദ്ധാത്മാവു നമ്മെ പഠിപ്പിക്കുന്നത്. കൊലൊസ്യലേഖനം നമ്മെ പഠിപ്പിക്കുന്നത് ക്രിസ്ത്യാനിത്വം, ക്രിസ്തുവി*ന്റെയും* എന്നല്ല - ക്രിസ്തുവിന്റെ തന്നെ, *കാലഘട്ടം* എന്നാണ്! ആർക്കും ഒരേസമയത്ത് തന്നിലും ക്രിസ്തുവിലും ശ്രദ്ധിക്കുവാൻ സാധ്യമല്ല. യേശു ഒരു കല്പന മാത്രമാണ് നല്കിയിരിക്കുന്നത്: "എന്നെ അനുഗമിക്ക."

8. അതാണ് പരിശുദ്ധാത്മാവു. ആത്മാവിനെ കൂടാതെ ഒരാൾക്ക് എങ്ങനെ ആത്മിയനാണെന്നു അവകാശപ്പെടുവാൻ കഴിയും? നാം വെള്ളത്താലും ആത്മാവിനാലും ജനിച്ചവരും (യോഹന്നാൻ 3:5), ആത്മാവിനാൽ നടത്തപ്പെടുന്നവരും (റോമർ 8:14), ആത്മാവു നിറഞ്ഞവരും (എഫെസ്യർ 5:18) ആണ്. നാം ആത്മിയ മനസുള്ളവരായിരിക്കണം (റോമർ 8:6; കെജെവി). എങ്ങനെയായാലും, ആത്മാവിന്റെ ശ്രദ്ധ അവനിൽ മാത്രമായിരുന്നില്ല; അവന്റെ ശ്രദ്ധാകേന്ദ്രം ദൈവത്തിൽ അല്ലെങ്കിൽ ക്രിസ്തുവിൽ ആയിരുന്നു. ആത്മാവിനെ അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിക്കുന്നത് ആത്മാവിനെതിരെയുള്ള ദൂഷണമാണ്. ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാനാണ് ആത്മാവ് ഇന്നു നമ്മിൽ പ്രവർത്തിക്കുന്നത്.

9. അതാണ് സഭ. നാമെല്ലാവരും ഏകശരീരമായ സഭയോടു ചേർക്കപ്പെടേതിനു, സ്നാനം (മറ്റൊരാളാൽ) ഏറ്റവരാണ്. നാമെല്ലാം ആ ഏകഭവനത്തിലെ ഭാഗമാണ്. നാമെല്ലാവരും, ഒരു സമൂഹമായി, ഞായറാഴ്ച്ച തോറും കർത്താവിന്റെ മേശയിൽ ഒത്തുചേരുന്നു. സമൂഹത്തേക്കാൾ വ്യക്തികളെ ഉയർത്തുവാൻ ശ്രമിക്കുന്ന ഒരു കൂട്ടവും നിലനില്ക്കുകയില്ല. ശരീരത്തിൽനിന്നു വേർപെടുത്തിയ കൈ പ്രവർത്തിക്കുകയില്ല. എനിക്ക് നിങ്ങളെയും, നിങ്ങൾക്ക് എന്നെയും ആവശ്യമാണ്. ദൈവവുമായി നാം ദിവസേന നടക്കുന്നതു സഭയുമായുള്ള നടപ്പാണ്. ആത്മിയത, രഹസ്യമാണെങ്കിലും, അതു പരസ്യമാണ്. ഒരു ശിശു ജനിച്ചു വീഴുന്നതു ഒരു ഭവനത്തിലേക്കാണ്. ഒരു ശിശുവിന് തന്റെ പേരും, തിരിച്ചറിവും, തുടർജീവിതവും ലഭിക്കുന്നതു ഭവനത്തിൽ മാത്രമാണ്. ആത്മിയത ഏകീകൃതമാണ് (കുടുംബവുമായി-ബന്ധപ്പെട്ടത്).

10. അതു ദിവസേനയുള്ള നടപടിയാണ്. ജീവിതം ശാശ്വതമായി ദിവസേനയുള്ളതാണ്. വിവാഹം നിത്യമായതാണ്. ജോലി നിത്യമായതാണ്. നമ്മുടെ ദിവസേനയുള്ള ജോലിയിൽ ആത്മിയത സ്വയം പ്രകടമാണ്. നിങ്ങളുടെ ദിവസത്തിൽ എന്തു സംഭവിച്ചാലും അതു കാര്യമാക്കാതെ, ആളുകളോടു ശരിയായി പെരുമാറുക! ഒരു മനോഭാവ*വും* ജീവിതശൈലി*യും* ആണ് ആത്മിയത. ഒരു സാധാരണ ക്ലബ്ബിനു വേതിനേക്കാൾ കൂടുതൽ സമർപ്പണം കർത്താവിന്റെ സഭക്ക് ആവശ്യമാണ്! പരിശീലനവും, ഒരുക്കവുമില്ലാത്ത പടയാളികൾ യുദ്ധത്തിൽ പ്രയോജനമില്ലാത്തവരാണ്! ഖേദമെന്നു പറയട്ടെ, ദൈനന്തിനജീവിതത്തിലേതിനേക്കാൾ മനുഷ്യൻ ദൈവസാന്നിദ്ധ്യം അന്വേഷിക്കുന്നതു വിഷമസന്ധികളിലാണ്. ഒരു വിഷമസന്ധിയിൽ ആരോടും പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കണമെന്നില്ല! "തയ്യാറായ" ഒരാൾക്ക് ഇനി "തയ്യാറാകേ"

ആവശ്യമില്ല. നാം മരിക്കുന്നതിനു മുൻപു ജനിച്ചതെന്തിനാണെന്നു കണ്ടെത്തണം.

11. അതു കഠിന ശിക്ഷയാണ്. സമൃദ്ധിയുള്ള സുവിശേഷം പരാജയപ്പെടും! തന്നെ സ്നേഹിക്കുന്നവരെ ദൈവം ശിക്ഷിക്കും (എബ്രായർ 12:5-11). നല്ല മാതാപിതാക്കൾ കുട്ടികളെ ശിക്ഷിക്കും. ആത്മീയത മൃദുലമാണ്; അതേസമയം അതു പരുഷവുമാണ്. നമ്മുടേതായ ക്രൂശ് സ്വീകരിക്കുന്നതും സ്വയം-ത്യജിക്കൽ അടങ്ങുന്നതുമാണ് ആത്മീയത. യോഗ്യമാക്കലല്ല രക്ഷ; അത് ഒരു വളർച്ചാ നടപടിയാണ്.

12. ആത്മീയത ഒരു *തുലനാവസ്ഥയാണ്*!

**************

# യേശുവിനെ പിൻപറ്റൽ

## എഫെസ്യർ 1:1-14

> *"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും* അനന്യൻ തന്നെ" (എബ്രായർ 13:8).

പ്രവർത്തിക്കുന്നവനേക്കാൾ ശ്രേഷ്ഠമായിരിക്കയില്ല പ്രവൃത്തി. ക്രിസ്ത്യാനികളേക്കാൾ ശ്രേഷ്ഠമായിരിക്കയില്ല ക്രിസ്ത്യാനിത്വം. ക്രിസ്ത്യാനിത്വം പഠിപ്പിക്കുന്നതു ക്രിസ്ത്യാനികൾ വിശ്വസിക്കണം. നാം വിശ്വസിക്കുന്നതിനെ സത്യസന്ധമായി വിശ്വസിക്കണം. നമ്മെ പിന്തുടരുന്ന ചോദ്യമിതാണ് "നാം വാസ്തവത്തിൽ വിശ്വസിക്കുന്നുവോ?" നാം ആരാണെന്ന് നാം *അറിയണം*; നാം ആരായിരിക്കുന്നുവോ അതാ*കണം.*

ഇപ്പോൾ അമേരിക്കയിൽ നടന്ന ഒരു വലിയ തർക്കത്തെ കുറിച്ച്, ഒരു രാഷ്ട്രീയക്കാരൻ എഴുതി, "ധാർമ്മികമായി, ഭ്രൂണഹത്യ കുലപാതകമാണ്." "സാമൂഹികപരമായി, ഞാൻ സ്ത്രീകളുടെ-പക്ഷത്താണ്" എന്നും, അയാൾ പറഞ്ഞു. തീർച്ചയായും, ആ രാഷ്ട്രീയക്കാരൻ താൻ വിശ്വസിക്കുന്നതിൽ വിശ്വസിക്കാത്ത ആളാണ്! അതു രാഷ്ട്രീയക്കാരിലെ മോശമായ മനോഭാവമാണ്; ക്രിസ്ത്യാനികൾക്ക് അതു ദൈവദൂഷണമാണ്.

പ്രാരംഭസഭ അവരുടെ ലോകത്തെ സുവിശേഷീകരിച്ചു. എന്തുകൊ്? കാരണം അവർ വിശ്വസിച്ചു. അവരുടെ വിശ്വാസം തികച്ചും സത്യമാണെന്ന് അവർ മനസിലാക്കിയിരുന്നു, അതിനു എതിരാളികളില്ലെന്നും വിട്ടുവീഴ്ച്ച ആവശ്യമില്ലെന്നും അവർ തിരിച്ചറിഞ്ഞിരുന്നു. ക്രിസ്ത്യാനിത്വം സത്യമാണെങ്കിൽ, ഞാൻ ക്രിസ്ത്യാനി ആകണം. നിങ്ങളും, ഒരു ക്രിസ്ത്യാനി ആകണം. ബൈബിൾപരമായ ക്രിസ്ത്യാനിത്വം കർക്കശവും, പ്രത്യേകതയുള്ളതും, ഇടുക്കമുള്ളതുമാകുന്നു; അതു ശരിയും സത്യവുമാകുന്നു. നിങ്ങൾ ഇതു വാസ്തവത്തിൽ വിശ്വസിക്കുന്നുവോ?

ദൈവത്തോടുകൂടെയുള്ള നമ്മുടെ ദിവസേനയുള്ള നടപ്പ് ദൈവത്തോടുകൂടെയുള്ള ക്രിസ്തീയ ജീവിതമാണ്. ജീവിതത്തിനു വേ പ്രായോഗിക വിശ്വാസരീതിയാണ് നമ്മുടെ സംസ്ക്കാരത്തിനു ഏറ്റവും ആവശ്യം. എന്താണ് നിങ്ങളുടെ ജീവിതം? ജീവിതത്തിൽ നിങ്ങളുടെ മുഖ്യ ലക്ഷ്യം എന്താണ്?

യേശു ഇതു തന്റെ പ്രാധാന്യമുള്ള ഗിരിപ്രഭാഷണത്തിൽ പറയുന്നു് (മത്തായി 5:6). ഇത്തരത്തിലാണ് ജീവിക്കേതു എന്നാണ് യേശു പറഞ്ഞത്. യേശുവിന്റെ പ്രസംഗത്തിൽ നമ്മുടെ "മനോഭാവത്തെയാണ്" വിവരിക്കുന്നത്; നമ്മുടെ പുറമേയുള്ള പരിശീലനങ്ങളെ നിർണ്ണയിക്കുന്നതു നമ്മുടെ ആന്തരിക വ്യക്തിത്വമാണ്. അതുകൊാണ് അ-ക്രൈസ്തവർ ക്രിസ്ത്യാനികളെ പോലെ പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുവാൻ കഴിയാത്തത്. ഓരോ ദിവസത്തേയും മനോഭാവവും പ്രവൃത്തികളും എത്രമാത്രം ശക്തിയുള്ളതാണെന്നു നമ്മിൽ കുറച്ചുപേർ മാത്രമാണ് മനസിലാക്കിയിട്ടുള്ളത്. ദൈവം ദൈവമാണെന്നു വിശ്വസിക്കുവാൻ നാം പ്രത്യേകരീതിയിൽ ജീവിക്കണം. ഇതു "മര്യാദയുള്ള" ക്രിസ്ത്യാനിത്വത്തിനുള്ള സമയം അല്ല. മഹത്തായ ആജ്ഞ അപ്പോഴും നിലനില്ക്കുന്നു: "നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകലജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15). ജീവിതത്തിന്റെ എല്ലാ കാഴ്ച്ചപ്പാടിലും, ആദ്യം വരുന്നത് വിശ്വാസമാണ്. നിങ്ങളുടെ വിശ്വാസം സൂക്ഷിച്ചുകൊൾക. ക്രിസ്ത്യാനികൾ *വിശ്വസിക്കണം*. "എന്നാൽ യേശു, ദൈവപുത്രനാണെന്നു നിങ്ങൾ വിശ്വസിക്കേതിന്നും; വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉാകേ തിനും ഇതെഴുതിയിരിക്കുന്നു" (യോഹന്നാൻ 20:31).

**ഏക സത്യദൈവത്തിൽ നാം വിശ്വസിക്കണം**

*ദൈവം - ദൈവം - ദൈവം!* ദൈവമാണ് കാര്യമായത്. ഏകനായ പരമോന്നതനും, നിത്യനും, സൃഷ്ടിക്കുന്നവനും, പരിമിതിയില്ലാത്തവനും, മാറാത്തവനും, പരിശുദ്ധനും ആയ സർവ്വശക്തനായ ദൈവം. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉൽപത്തി 1:1); "യിസ്രായേലേ, കേൾക്ക! യഹോവ നമ്മുടെ ദൈവം ആകുന്നു, യഹോവ ഏകൻ തന്നെ! നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം" (ആവർത്തനപുസ്തകം 6:4, 5). യേശു വിശ്വസിക്കുന്നതിനെയാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. എല്ലാവരുടേയും മുൻഗണനയിൽ ഈ കല്പന ഉാകണമെന്നാണ് യേശു ഉറപ്പിച്ചു പറഞ്ഞത് (മത്തായി 22:37–40). ക്രിസ്ത്യാനിത്വം പ്രത്യേകതയുള്ളതും, തികവുള്ളതും, സൈദ്ധാന്തികമായതും, അഭിപ്രായഭിന്നതകൾ ഉള്ളതുമാണ്. സത്യവും അതുപോലെ തന്നെയാണ്. സത്യം ആകണമെങ്കിൽ അതു തികവുള്ളതാകണം. യഹോവയായ ഏകദൈവമേ നമുക്കുള്ളൂ (പുറപ്പാട് 3-ലെ "ഞാൻ ആകുന്നവൻ ഞാനാകുന്നു").

ദൈവം ഉങ്കിൽ, മറ്റൊന്നും കാര്യമുള്ളതല്ല; ദൈവം ഇല്ലെങ്കിൽ, പിന്നെ ഒന്നും കാര്യമുള്ളതല്ല. എല്ലാറ്റിനേയും ഒരുമിച്ച് നിർത്തുന്നതു ദൈവമാണ്. ദൈവമില്ലെങ്കിൽ, ധാർമ്മികതയില്ല - എല്ലാം അനുവദനീയമാകുന്നു. ദൈവം ഇല്ലാതെ എല്ലാം ഉാകുന്നതിനേക്കാൾ നല്ലതു എല്ലാം നഷ്ടമായാലും ദൈവം ഉാകുന്നതാണ്. (യേശു ഇത് മത്തായി 16:24–26 വരെയുള്ള ഭാഗത്തു പറഞ്ഞിട്ടു്.) ഏതൊരു വ്യക്തി യുടെയും, സഭയുടെയും വീഴ്ച്ച എന്നാൽ, ദൈവത്തിന്റെ അധികാരത്തെയും, സ്ഥലത്തെയും, വ്യക്തിയേയും തള്ളിക്കളയുന്നതാണ്. ദൈവം വേണമെന്നതാണ് നിങ്ങളുടെ പ്രശ്നം എങ്കിൽ, അതിനുള്ള പരിഹാരം ദൈവം മാത്രമാണ്. ഒരു വലിയ വേദശാസ്ത്രം ആവശ്യപ്പെടുന്നത് വലിയ ദൈവത്തെയാണ്! നാമെല്ലാം ദൈവമക്കളാകുവാനാണ് നാം

വീും ജനിച്ചത്. നാമെല്ലാവരും ദൈവസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. ദൈവത്തെ കൂടാതെ, നമുക്ക് ഒന്നും സാധ്യമല്ല; നമ്മെ കൂടാതെ, ദൈവം ഒന്നും ചെയ്യുകയുമില്ല. നമ്മുടെ ആത്മിയജീവിതത്തിലെ എല്ലാ പ്രവർത്തികളുടേയും ഉറവിടം ദൈവം ആണ്. യെഹസ്ക്കേലിന്റെ പുസ്തകത്തിൽ, അറുപതിലധികം പ്രാവശ്യം ദൈവം പറഞ്ഞിരിക്കുന്നു, "അങ്ങനെ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും." ദൈവത്തെ കൂടാതെ, മനുഷ്യൻ ഏകനായിട്ടാണ് നടക്കുന്നത്.

മറ്റൊരു ദൈവമില്ല! പത്തുകല്പനകളിലെ ആദ്യകല്പന "ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുാകരുത്" എന്നായിരുന്നു (പുറപ്പാട് 20:3). യോഹന്നാൻ 17:3 പറയുന്നു, "ഏകസത്യദൈവമായ നിന്നേയും, നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനേയും, അറിയുന്നതു തന്നെ, നിത്യജീവൻ ആകുന്നു." സഭ ദൈവത്താൽ നയിക്കപ്പെടട്ടെ! നാം വാസ്തവത്തിൽ ദൈവത്തെ അറിഞ്ഞാൽ, ഒരിക്കലും പാപം ചെയ്യുകയില്ല. ദൈവത്തെകുറിച്ചുള്ള എന്റെ യഥാർത്ഥ വിശ്വാസത്തിന്റെ സാക്ഷ്യമാണ് ഞാൻ എങ്ങനെ ജീവിക്കുന്നു എന്നത്. "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം" (എബ്രായർ 10:31). അവനെ അറിയുക. അവനെ വിശ്വസിക്കുക. അവനെ സ്നേഹിക്കുക. അവനിൽ ആശ്രയിക്കുക. അവനെ ശ്രദ്ധിക്കുക. അവനെ അനുസരിക്കുക. ദൈവം പരമാധികാരി ആണോ? ദൈവം പറയുന്നതു നാം ചെയ്യുമോ? ദൈവത്തെ അറിയുകയും അവൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്യുന്നവൻ വാസ്തവത്തിൽ അവനെ അറിയുന്നില്ല. ദൈവം ദൈവമാണെങ്കിൽ, മനുഷ്യൻ ശ്രദ്ധിക്കേവനാണ്. "കേൾക്കുക" എന്നതിനും "അനുസരിക്കുക" എന്നതിനും എബ്രായഭാഷയിൽ ഒരേ വാക്കാണ്. മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കാതിരിക്കുന്നതിനു യാതൊരു ഒഴികഴിവുമില്ല (റോമർ 1:18–23). അറിയപ്പെടുന്ന ദൈവത്തിലേക്കുള്ള അറിയപ്പെടാത്ത ഭാവിയെ ആശ്രയിക്കുന്നതിന് ഭയപ്പെടരുത്. ഓരോ നിമിഷത്തിലും മാറ്റം സംഭവിക്കുന്നു. മാറ്റമില്ലാത്ത ദൈവത്തെ മുറുകെ പിടിക്കുന്നതാണ് മാറ്റമുാകുവാനുള്ള ഏക പോംവഴി. ദൈവം മാറുന്നില്ല.

## നാം യേശുവിൽ വിശ്വസിക്കണം

### തന്റെ തരത്തിൽ അവൻ മാത്രമാണുള്ളത്

സൃഷ്ടികർത്താവായ, ദൈവം, യേശുവിൽ മനുഷ്യവർഗത്തെ ഒന്നാക്കി. അതാണ് സുവിശേഷം. അത്തരം അവതാരം അവകാശപ്പെടുവാൻ മറ്റൊരു മനുഷ്യനും കഴിയുകയില്ല. ദൈവത്തിന്റെ ഏകജാതനായ പുത്രൻ യേശു മാത്രമാണ് (യോഹന്നാൻ 3:16). പെന്തെകൊസ്തുനാൾ മുതൽ (പ്രവൃത്തികൾ 2), ക്രിസ്ത്യാനികൾ ഇതറിഞ്ഞ്, വിശ്വസിച്ച്, പ്രസംഗിച്ചുവരുന്നു. എങ്ങനെയായാലും, നമ്മുടെ ആധുനിക സംസ്ക്കാരം പല വിശ്വാസത്തെയാണ് സ്വീകരിച്ചിരിക്കുന്നത് (മത പരമായ വിവിധ ചിന്തകൾ). സഹിഷ്ണുതയുടെ പേരിൽ, സംസ്ക്കാരം സൈദ്ധാന്തികമായി ഉറപ്പിക്കുന്നതു യേശു പലരിലും ഒന്നാണെന്നുമാത്രമാണ്. "ഒരു സഭ മറ്റൊന്നുപോലെ നല്ലതാണ്" എന്നത്രേ, വർഷങ്ങളായി നാമധേയവിഭാഗങ്ങൾ ഉറക്കെ പറയുന്നതു. അവർ അതു കാര്യമായി ചിന്തിച്ചിട്ടില്ല. അതു വാസ്തവമാണെങ്കിൽ, പിന്നെ "ഒരു മശിഹ (ക്രിസ്തു) മറ്റൊന്നു പോലെ നല്ലതാകും" – "ഒരു ദൈവം മറ്റൊന്നുപോലെ നല്ലതാകും" – "എല്ലാ വഴികളും സ്വർഗത്തിലേക്കു പോകുന്നതാകും." ആ ആശയം ബൈബി

ളിനു വിരുദ്ധമാണ്; അതു അർത്ഥശൂന്യവുമാകുന്നു! രു ദൈവങ്ങൾ ഒന്നാകുന്നു എന്നതു പലതാകുന്നു! രു മശിഹമാർ ഒന്നാകുന്നു എന്നതു പലതാകുന്നു! രു സഭകൾ ഒന്നാണെന്നതും പലതാകുന്നു! എഫെസ്യർ 4:1–6 വായിക്കുക.

മഹാന്മാരായ ചരിത്രപുരുഷന്മാരെ ഒരു ചരിത്രകാരൻ വില കല്പിക്കുകയുായി – മുഹമ്മദിനും സർ ഐസക് ന്യൂട്ടനും ശേഷം, മൂന്നാമതായിട്ടാണ് അയാൾ ക്രിസ്തുവിനു സ്ഥാനം നല്കിയത്. “പുതിയ ആത്മിയത” ഇന്ന് യേശുവിനു ഒരു ഭാഗവും ബുദ്ധനു രുഭാഗവും കൊടുത്തിട്ടുള്ളതാണ് എന്ന് അടുത്തകാലത്ത് *ഡള്ളാസ് മോർണിങ്ങ് ന്യൂസ്* പറയുകയുായി! ഇതു വിഡ്ഢിത്തം മാത്രമല്ല, ദൈവദൂഷണവുമാണ്! നമ്മുടെ ദിവസേനയുള്ള നടപ്പ് ക്രിസ്തുവിന്റെ നടപ്പാണ്. ചരിത്രത്തിൽ വെച്ച് ഏറ്റവും സുപ്രധാന വ്യക്തിയും, ജീവിച്ചിരുന്നവരിൽവെച്ച് ഏറ്റവും വലിയവനുമാണ് യേശു. ക്രിസ്ത്യാനിയാവുക എന്നതു എത്ര വലിയ പദവിയാണ്!

യേശു പറഞ്ഞു, “ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല” (യോഹന്നാൻ 14:6). യേശു വാസ്തവമാകുന്നതു കൂടാതെ, അവൻ “സത്യ”വും ആകുന്നു! അവൻ “പുനരുത്ഥാനവും ജീവനും” ആകുന്നു (യോഹന്നാൻ 11:25). യേശുവിന്റെ “ഞാൻ ആകുന്നവൻ” എന്നതു വായിക്കുക. യേശുവിനെ പോലെ ആരും സംസാരിച്ചിട്ടില്ല. അവൻ പറഞ്ഞു, “... ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും” (യോഹന്നാൻ 8:24); “സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വാതന്ത്ര്യരാക്കും” (യോഹന്നാൻ 8:32). യേശുവിനെ കാണുന്നതു ദൈവത്തെ കാണുന്നതിനു തുല്യമായിരുന്നു (യോഹന്നാൻ 14:9). യേശു ജീവന്റെ അപ്പം ആകുന്നു (യോഹന്നാൻ 6:48). യേശു ദൈവത്തിന്റെ കുഞ്ഞാട് ആകുന്നു (യോഹന്നാൻ 1:29). യേശു ഉയിർത്തെഴുന്നേറ്റവൻ ആകുന്നു (ലൂക്കൊസ് 24:5, 6). മുഹമ്മദ് മരിച്ചു. ബുദ്ധനും മരിച്ചു. യേശു ജീവിക്കുന്നു! മരിച്ച രക്ഷകനെക്കൊ് എന്തു പ്രയോജനമാണുള്ളത്? പലരും പറഞ്ഞതുപോലെ, “യേശു ഒരു നുണയനാണ്, ഭ്രാന്തനാണ്, അല്ലെങ്കിൽ *കർത്താവാണ്.*”

കൊലൊസ്യലേഖനം സന്ദർഭത്തിനു യോജിക്കുന്നതാണ്. ഒരുപക്ഷെ നമ്മുടെ ഇന്നത്തെ സംസ്ക്കാരത്തിനു ഏറ്റവും ആവശ്യമായതാണെന്നു പറയാം. പൗലൊസ് പറഞ്ഞു, “ഇതു *ക്രിസ്തുവും,* അവന്റെ *കാലഘട്ടവു*മാണ്.” വലിയ ഒരു ഉദ്ദേശത്തിനുവേിയാണ് എബ്രായർ *എന്ന* ലേഖനം എഴുതിയത് – ഒരേ–ഒരു–തരത്തിൽ–ഉള്ള *യേശുവിനെ* കുറിച്ചു പഠിപ്പിക്കുവാൻ! ക്രിസ്ത്യാനിത്വം മനസ്സിലാക്കുവാൻ പ്രയാസമുള്ളതല്ല: (1) ദൈവം നമുക്ക് യേശുവിനെ നൽകി, (2) നമ്മുടെ ദൈനന്തിന നടപ്പിലൂടെ നാം യേശുവിനെ ദൈവത്തിനു മടക്കി നല്കുന്നു. ദൈവം എല്ലാം ക്രൂശിൽ അതിജീവിച്ചു; നാം എല്ലാം വിശ്വാസത്താൽ അതിജീവിക്കുന്നു. ബൈബിളിൽ ഉള്ളതു അനുസരിക്കുന്നതിലൂടെ പ്രാധാന്യമുള്ളവരാകുവാൻ നിങ്ങൾക്ക് ധൈര്യമുോ? ഒരുപക്ഷെ നാം *ആഗ്രഹിക്കുന്ന വ്യക്തി* ആയിരിക്കയില്ല യേശുക്രിസ്തു – എന്നാൽ നമുക്ക് *ആവശ്യമുള്ള വ്യക്തി* അവനാണ്!

**അവൻ കർത്താവ് ആണ്**

യേശു ഏക “മേലധികാരി” ആണ്. അധികാരത്തെ നിഷേധിക്കുന്ന,

നമ്മുടെ സംസ്ക്കാരം, "കർത്താവ്" എന്ന വാക്കിനെ മാറ്റിയിരിക്കയാണ്; എന്നാലും അതു ബൈബിൾ വാക്കായി പ്രാധാന്യത്തോടെ നില്ക്കുന്നു. കർത്താവ് "ഒരാളുടെ അവകാശിയും, അവനെ കുറിച്ചു തീരുമാനിക്കുവാൻ ശക്തിയുള്ളവനും" ആണ്. *"എന്റേത്"* എന്നു പറയുവാൻ യേശുവിനു കഴി യാത്തതായി ഭൂമിയുടെ ഒരു ഭാഗം പോലും ഇല്ല. യേശു നമ്മെ സൃഷ്ടിച്ചു; യേശു നമ്മെ വീടെടുത്തു; എല്ലാ അർത്ഥത്തിലും യേശു കർത്താവാണ്. ഒരാൾ യേശുവിന്റെ കർത്തൃത്വത്തിൻ കീഴിൽ ജീവിക്കുന്നതാണ് ഓരോ ദിവ സത്തേയും നടപ്പ്. പത്രൊസ് പെന്തെകൊസ്തുനാളിലെ തന്റെ ആദ്യത്തെ സുവിശേഷപ്രസംഗം അവസാനിപ്പിച്ചതു ഈ വാക്കുകളോടെയാണ്: "ആക യാൽ നിങ്ങൾ ക്രൂശിച്ച - ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽഗൃഹം ഒക്കെയും അറിഞ്ഞു കൊള്ളട്ടെ'' (പ്രവൃത്തികൾ 2:36). മനുഷ്യനുള്ള ദൈവത്തിന്റെ അവ സാനത്തേതും തികഞ്ഞതുമായ വചനമാണ് യേശു (എബ്രായർ 1:1-3). അതു കൊു രക്ഷക്കായി ഒരാൾ അധരംകൊ് ഏറ്റുപറയണം (റോമർ 10:10). എല്ലാറ്റിനും-മതിയായ കർത്താവാണ് യേശു.

ദൈവമാണ് യേശുവിനെ കർത്താവാക്കിയത്. മനുഷ്യരല്ല. മനുഷ്യർ അവനെ സ്വീകരിച്ചാലും ഇല്ലെങ്കിലും, യേശു കർത്താ*വാണ്*. ഒരു നാൾ "യേശു ക്രിസ്തു കർത്താവാണെന്നു, പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവും ഏറ്റുപറയും" (ഫിലിപ്പിയർ 2:11). "സംശയാലുവായിരുന്ന തോമ സിനു" അവന്റെ മനസ് മാറ്റേി വന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനു മുമ്പാകെ, തോമസ് പറഞ്ഞു, "എന്റെ കർത്താവും ദൈവവുമായുള്ളോവേ!" (യോഹന്നാൻ 20:28). നമ്മുടെ മനസും നാം മാറ്റേിയിരിക്കുന്നു. കർത്തൃത്വം അനുസരണത്തെ ആവശ്യപ്പെടുന്നു. യേശു പറഞ്ഞു, "നിങ്ങൾ എന്നെ 'കർ ത്താവേ, കർത്താവേ,' എന്നു വിളിക്കയും, ഞാൻ പറയുന്നതു ചെയ്യാതിരി ക്കയും ചെയ്യുന്നത് എന്ത്?" (ലൂക്കൊസ് 6:46).

യേശു ക്രിസ്തുവെന്നും കർത്താവെന്നും പറയാവുന്ന *ര ു* മാണ്. അവൻ *ആദ്യം* കർത്താവാണ്! രക്ഷകനായും അനുഗ്രഹിക്കുന്നവനായും ആളുകൾക്ക് യേശുവിനെ വേണം - എന്നാൽ കർത്താവായി അവർ അവനെ സ്വീകരിക്കു ന്നില്ല. യേശുവിനെ നമ്മുടെ കർത്താവായി നാം അനുസരിക്കാതെ അവൻ നമ്മുടെ രക്ഷകനാവുകയില്ല! അവന്റെ കല്പനകൾ അനുസരിക്കാത്തവരെ യേശു രക്ഷിക്കുകയില്ല. പുതിയനിയമത്തിൽ യേശുവിനെ ഇരുപതിലധികം പ്രാവശ്യം മശിഹ (രക്ഷകൻ) എന്ന പേരിൽ വിളിച്ചിട്ടു്. അവൻ കർത്താ വാണെന്നു നാനൂറോളം പ്രാവശ്യം പ്രഖ്യാപിച്ചിട്ടു്. ക്രിസ്തുവിനെപോലെ യുള്ള നടപ്പാണ് നമ്മുടെ ദിവസേനയുള്ള നടപ്പ്. വിശ്വസ്തതയിൽനിന്നു വിശ്വാ സത്തെ വേർതിരിക്കാതിരിക്കുക.

> എന്നോടു "കർത്താവേ, കർത്താവേ," എന്നു പറയുന്നവൻ ഏവനു മല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ, സ്വർഗരാജ്യത്തിൽ കടക്കുന്നത്. പലരും ആ നാളിൽ എന്നോടു പറയും, "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ?" അന്നു ഞാൻ അവരോട് തീർത്തു പറയും, "ഞാൻ ഒരു നാളും നിങ്ങളെ അറി

ഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ" (മത്തായി 7:21-23).

"എന്റെ അടുക്കൽ വരുവിൻ" (മത്തായി 11:28-30) എന്നതു വിപുലമാക്കിയതാണ് "എന്നെ അനുഗമിക്ക" എന്നത് (മത്തായി 4:19). നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 2:20). നാം ക്രിസ്തുവിനോട് അനുരൂപപ്പെട്ടിരിക്കുന്നു (റോമർ 8:29). നാം അവന്റെ രൂപത്തോടു അനുരൂപപ്പെടണം (2 കൊരിന്ത്യർ 3:18). നാം അവന്റെ മാതൃകയാണ് പിൻപറ്റുന്നത് (1 പത്രൊസ് 2:21).

യേശു തന്റെ ജീവൻ നമുക്ക് വേി അർപ്പിച്ചു
അതുകൊു നമുക്ക് ജീവൻ നല്കുവാൻ അവനു കഴിഞ്ഞു
അങ്ങനെ അവനു നമ്മിൽ ജീവിക്കുവാൻ കഴിഞ്ഞു.

യേശു എന്നിൽ രൂപപ്പെട്ടിട്ടുോ?

**അവൻ നമ്മുടെ രക്ഷിതാവാണ്**

നമ്മിലേക്കു രക്ഷ കൊുവരുവാൻ യേശുവിനു മാത്രമേ കഴിയൂ; *മറ്റൊരു വഴിയും ഇല്ല*! ഗദ്ശമെനയിൽവെച്ച്, വിയർപ്പ് രക്തത്തുള്ളിപോലെ ഒഴുക്കിയ തന്റെ പുത്രനോടു, ദൈവം "ഇല്ല" എന്നു പറയുമ്പോൾ, അവൻ ഉറക്കെ പറയുകയായിരുന്നു, "മറ്റൊരു വഴിയും ഇല്ല!" മനുഷ്യൻ പാപത്തിൽ നഷ്ടപ്പെട്ട് നരകശിക്ഷക്കു യോഗ്യമായിരുന്നു. മനുഷ്യനു സ്വയമായി രക്ഷിക്കപ്പെടുവാൻ കഴിയുമായിരുന്നില്ല; രക്ഷ വാങ്ങുവാനും സാധ്യമല്ല. മനുഷ്യനു അസാധ്യമായതു, ദൈവം മനുഷ്യനിൽ ചെയ്തു. യേശു "ദൈവത്തിന്റെ കുഞ്ഞാടാണ്." പാപത്തെ, മരണത്തെ, നരകത്തെ, സാത്താനെ തോൽപിക്കുവാൻ, ദൈവം, ദൈവം തന്നെയാണ് മനുഷ്യവർഗത്തെ യേശുവിൽ ഒന്നാക്കിയത്. എല്ലാവർക്കുമായി ഏകൻ മരിച്ചു (2 കൊരിന്ത്യർ 5:15). ദൈവം നമ്മെ ക്രിസ്തുവിൽ നിരപ്പിച്ചു (2 കൊരിന്ത്യർ 5:19-21). നമുക്ക് സ്വയമായി ചെയ്യുവാൻ കഴിയാത്തതു ചെയ്യുവാൻ ദൈവം മനുഷ്യനോടു ചേർന്നു എന്ന സുവിശേഷസന്ദേശമാണ് നമ്മുടെ അടിസ്ഥാനം. ക്രിസ്തു അല്ലാതെ മറ്റുള്ളതിനെ എന്തിനു പ്രസംഗിക്കണം? മറ്റൊന്നും പ്രസംഗിക്കുവാനില്ല! യേശുവാണ് *ഏക രക്ഷകൻ*! രക്ഷകനും, മശിഹയും, ക്രിസ്തുവുമായ, യേശുവിലല്ലാതെ മറ്റാരിലും രക്ഷയില്ല. *എന്തൊരു രക്ഷകൻ!*

പാപികൾക്ക് വെറും രക്ഷയെക്കാൾ അധികം ആവശ്യമാണ്: അവർക്ക് ഒരു രക്ഷകൻ ആവശ്യമാണ്. രക്ഷ നൽകി ഒരു നിമിഷം കഴിഞ്ഞാൽ, ആളുകൾ വീും പാപികളാകും. നമുക്ക് വേി പക്ഷവാദം ചെയ്യുവാൻ യേശു എന്നേക്കും ജീവിക്കുന്നു (എബ്രായർ 7:25). ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ യേശുക്രിസ്തു എന്ന ഏക മദ്ധ്യസ്ഥൻ മാത്രമാണുള്ളത് (1 തിമൊഥെയൊസ് 2:5). രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ വേറൊരു നാമമില്ല (പ്രവൃത്തികൾ 4:11, 12). യാദൃശ്ചികമായോ യഥാർത്ഥമായോ രക്ഷിക്കുവാനല്ല യേശു വന്നത്; അവൻ വന്നതു പാപികളെ രക്ഷക്കു പ്രാപ്തരാക്കുവാനായിരുന്നു. യേശുവിനെ കൂടാതെ, നമുക്ക് നമ്മുടെ പാപങ്ങളിൽ മരിക്കുവാനേ കഴിയൂ (പ്രവൃത്തികൾ 4:12).

യേശുവിൽ വിശ്വസിക്കുക എന്നാൽ, "ദൈവം ആണ് ശരി" എന്നു പറയുന്നതാണ്. പ്രശ്നം പാപമാണ്; ഉത്തരം ക്രൂശ് ആണ്. നമ്മെ ക്രിസ്തീയ ജീവിതം നയിക്കുവാൻ യേശു സഹായിക്കുകയല്ല - യേശു തന്നെ*യാണ്* നമ്മുടെ ജീവിതം.

**ഇന്നു നാം ക്രിസ്ത്യാനിത്വത്തിൽ വിശ്വസിക്കണം**

നമുക്ക് എപ്പോഴും ആവശ്യമുള്ളതാണ് ഇപ്പോൾ നമുക്ക് വേത്: *യേശു ക്രിസ്തു!* പുതിയനിയമത്തിൽ "ക്രിസ്തുവിൽ" എന്ന പദം അല്ലെങ്കിൽ, അതിനു തുല്യമായ പദം, 119 പ്രാവശ്യം ഉപയോഗിച്ചിട്ടു്. അത് "ഇന്നത്തെ" ക്രിസ്ത്യാനിത്വമാണ്, അല്ലാതെ "ഇന്നലത്തേതോ" അല്ലെങ്കിൽ "നാളെത്തേതോ" അല്ല. ഒരിക്കൽ എല്ലാവർക്കുമായിട്ടാണ് യേശു മരിച്ചതെന്നു എബ്രായലേഖനം വ്യക്തമാക്കുന്നു (7:27; 10; 10). തങ്ങൾ ഒന്നാം നൂറ്റാിലാണ് ജീവിക്കുന്നതെന്നു ഒന്നാം നൂറ്റാിലെ ആളുകൾ അറിഞ്ഞിരുന്നില്ല (നമ്മുടെ കലർ പിന്നീടാണ് വന്നത്). ഓരോ നൂറ്റാിനും എന്തെങ്കിലും പുതുമയോ, വ്യത്യാസമോ ആവശ്യമുായിരുന്നില്ല. ഒന്നാം നൂറ്റാിൽ "ഇന്നത്തെ ക്രിസ്ത്യാനിത്വം" ഉായിരുന്നു. അതാണ് നമ്മുടെ ഏക ആവശ്യം - എപ്പോഴും നമുക്ക് ആവശ്യമായതും അതു മാത്രമാണ്. നിങ്ങളുടെ ഒരു പഴയ കാർ ശരിയാക്കുന്നതുപോലെ നിങ്ങൾ സഭയെ യഥാസ്ഥാനമാക്കുകയില്ല. ദൈവത്തിന്റെ നിത്യമായ ഉത്തരമാണ് ക്രിസ്തു. നിങ്ങൾക്ക് ഗോതമ്പ് ആവശ്യമാണെങ്കിൽ, നിങ്ങൾ ഗോതമ്പ് വിത്തുവിതെക്കുക. നിങ്ങൾക്ക് ക്രിസ്ത്യാനിത്വം ആവശ്യമെങ്കിൽ, സുവിശേഷത്തിന്റെ വിത്ത് വിതെക്കണം (ലൂക്കൊസ് 8:11; റോമർ 1:16). സഭ പ്രസംഗിക്കുന്നതു തന്നെ പരിശീലിക്കണം; ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം അനുസരിച്ച് ജീവിക്കണം. യേശു ഇന്നലെ മരിക്കയും, ഇന്നു പ്രഭാതത്തിൽ ഉയിർക്കയും, ഇന്നു രാത്രി അവൻ മടങ്ങി വരുകയും ചെയ്യുമെന്ന രീതിയിൽ ജീവിക്കണം!

***വന്ന്, എന്നോടുകൂടെ നടക്കുക.***